(സി) റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഡി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ആധുനിക യന്ത്രസംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഏതാണ്ട് 4000 കി. മീ. റോഡുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. മിക്കവാറും പണികൾ പൂർത്തിയായി വരികയാണ്.

(ബി) ടാറിംഗ് നടത്തിയ ഒരു റോഡിന്റെ ആയുസ് സാധാരണ ഗതിയിൽ അഞ്ചുവർഷമാണ്. എന്നാൽ കേരളം പോലെ മഴ ലഭിക്കുന്ന സ്ഥലമായതുകൊണ്ട് അഞ്ചുവർഷമെന്നത് കുറയാറുണ്ട്. ദേശീയപാതാ വിഭാഗത്തിൽ ഇത് ഒരു വർഷമാണ്. ടാർ ചെയ്തുകഴിഞ്ഞാൽ ഒന്നര വർഷം ഗ്യാരന്റി പീരീഡ് ഉണ്ട്. ഇതിനിടയിൽ വരുന്ന കേടുപാടുകൾ കരാറുകാരൻ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്. കരാറുകാരന്റെയും സൂപ്പർവിഷൻ നടത്തിയ ഉദ്യോഗസ്ഥന്റെയും കുറ്റംകൊണ്ട് കേടുപാടുകൾ ഉണ്ടായാൽ നടപടികൾ എടുക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്.

(സി) റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ട്. ഓരോ പണികൾ നടക്കുന്ന സമയത്തുതന്നെ ഉന്നത ഉദ്യോഗസ്ഥരെത്തി അപാകതകൾ ഉണ്ടെങ്കിൽ അവ ചൂണ്ടിക്കാണിക്കുകയും അത് ഉടനെ പരിഹരിക്കുന്നതിന് നടപടികൾ എടുക്കുകയും ചെയ്യാറുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചീഫ് ടെക്നിക്കൽ എക്സാമിനർ മിന്നൽപരിശോധനകൾ നടത്തി റിപ്പോർട്ട് ഗവൺമെന്റിന് നൽകാറുണ്ട്.

ദേശീയപാതാ വിഭാഗത്തിലെ പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ ഒരു ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ നിലവിലുണ്ട്.

(ഡി) അറ്റകുറ്റപ്പണികൾക്ക് ആധുനിക യന്ത്ര സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്.

കല്ലടി ഹയർ സെക്കന്ററി സ്കൂൾ മുതൽ കുന്തിപ്പുഴ വരെ ഹൈടെക്കിലും ഹൈവേ നിലവാരത്തിലും സ്ഥാപിക്കാൻ നടപടി

45 [1455] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എൻ.എച്ച്. 213-നോട് ചേർന്ന് അര കിലോമീറ്ററിനുള്ളിൽ എം.ഇ.എസ്സ്. കല്ലടി കോളേജ്, കല്ലടി ഹയർ സെക്കന്ററി സ്കൂൾ, എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ എന്നിവ സ്ഥിതി ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വളരെ അപകടസാദ്ധ്യതയുള്ള ഈ പ്രദേശത്ത് കല്ലടി ഹയർ സെക്കന്ററി സ്കൂൾ മുതൽ കുന്തിപ്പുഴ വരെ റോഡിന്റെ വടക്കുവശത്ത് ഫുട്പാത്തും ഗാർഡ് റയിലും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേക്ക് ഇതിന്റെ പണി പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) പ്രസ്തുത റോഡിന്റെ വടക്കുവശത്ത് ഫുട്പാത്തും ഗാർഡ് റയിലും സ്ഥാപിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റിന് കേന്ദ്ര റോഡ് ഗതാഗതവും ദേശീയപാതയും വിഭാഗം മന്ത്രാലയത്തിന്റെ (MORTH) അനുമതി ലഭ്യമാക്കി എത്രയും വേഗം പണി ആരംഭിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

കുന്നത്തൂർ മണ്ഡലത്തിൽ പാലങ്ങളുടേയും അപ്രോച്ച് റോഡിന്റേയും പണി

46 [1456] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ മണ്ഡലത്തിൽ പണി പൂർത്തിയാകാതെയുള്ള പാലങ്ങളുടേയും അപ്രോച്ച് റോഡിന്റേയും പണി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പാലങ്ങളുടേയും റോഡിന്റേയും പണി പൂർത്തീകരിച്ച് ഗതാഗതത്തിനായി എന്നുമുതൽ തുറന്നു കൊടുക്കും എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പണികൾ ഈ വർഷം ആരംഭിക്കുമെന്നും കൂടുതൽ തുക അനുവദിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നും വിശദമാക്കാമോ?

ഉത്തരം

(എ) 1. ഈ മണ്ഡലത്തിലെ പാലത്തിൻകടവ് പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പണികൾ മഴക്കാലം കഴിഞ്ഞാൽ ഉടൻ ആരംഭിക്കുന്നതാണ്.

2. ആനയടി പാലത്തിന്റെ കരാറുകാരനോട് എഗ്രിമെന്റ് വയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി ആന്റ് സി) പാലത്തിൻകടവ് പാലം 6 മാസത്തിനകം ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്ന് കരുതുന്നു. നബാർഡ് സഹായം ലഭ്യമാക്കി ഈ പാലങ്ങളുടെ പണികൾ കരാർ കാലാവധിക്കുള്ളിൽ തീർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly